# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3829

**23.08.2017**- ൽ മറുപടിയ്ക്ക്

## <u>അക്ഷയ ഊർജ്ജവികസന സഹകരണ സംഘങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**" വി.ഡി.സതീശൻ**<br>**" സണ്ണി ജോസഫ്**<br>**" വി.പി.സജീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്ഷയ ഊർജ്ജവികസന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഒരു ജില്ലയിൽ ഒന്നു വീതം 14 ജില്ലാതല അക്ഷയ ഊർജ്ജ സഹകരണ സംഘങ്ങൾ 2017-18 വർഷം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ; | (ബി) സൗരോർജ്ജ ഉപകരണങ്ങൾ, ബയോ ഗ്യാസ് പ്ലാന്റുകൾ മുതലായ അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം പലമടങ്ങ് വർദ്ധിപ്പിച്ച്, പരമ്പരാഗത സ്രോതസ്സുകളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള യത്നങ്ങൾ ഊർജ്ജിതമാക്കുന്നതിനാണ് ഇത് ലക്ഷ്യമിടുന്നത്. |
| (സി) പരിസ്ഥിതി സംരക്ഷിക്കുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസ്സുകൾ എന്ന നിലയിൽ അക്ഷയ ഊർജ്ജ സംവിധാനങ്ങൾ പരിസ്ഥിതി നാശം കൂടാതെയുള്ള വികസനത്തിന് പ്രധാനമാണ്. പുതിയതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണം സംബന്ധിച്ചുമുള്ള ആവശ്യമായ നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |

.........2

| | |
|---|---|
| (ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**